# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4325 — 21.7.2015 ൽ മറുപടിയ്ക്ക്

## ഭിന്നശേഷിയുള്ളവരുടെ കണക്കെടുപ്പ്

ചോദ്യം

ശ്രീ.കോടിയേരി ബാലകൃഷ്ണൻ

മറുപടി

ഡോ. എം.കെ.മുനീർ
(പഞ്ചായത്തും സാമൂഹ്യനീതിയും
വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| (എ) നിലവിൽ സംസ്ഥാനത്ത് സാമൂഹ്യക്ഷേമ വകുപ്പിൽ നിന്നും തിരിച്ചറിയൽ കാർഡ് നൽകിയിട്ടുള്ള എത്ര ഡിഫറന്റ്ലി ഏബിൾഡ് വിഭാഗത്തിൽപ്പെട്ടവർ ഉണ്ടെന്ന് ജില്ല തിരിച്ച് കണക്ക് വെളിപ്പെടുത്താമോ ; | (എ) 2009 സെപ്റ്റംബർ മാസം വരെ സാമൂഹ്യനീതി വകുപ്പ് മുഖേന 150000-ത്തോളം അംഗപരിമിതർക്ക് തിരിച്ചറിയൽ കാർഡുകൾ നൽകിയിട്ടുണ്ട്. 2009 സെപ്റ്റംബർ മാസം മുതൽ കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന 2,83,456 അംഗപരിമിതർക്ക് തിരിച്ചറിയൽ കാർഡുകൾ നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു. |

| | | |
|---|---|---|
| 1 | തിരുവനന്തപുരം | 21825 |
| 2 | കൊല്ലം | 19463 |
| 3 | പത്തനംതിട്ട | 12420 |
| 4 | ആലപ്പുഴ | 20640 |
| 5 | കോട്ടയം | 19618 |
| 6 | ഇടുക്കി | 10649 |
| 7 | എറണാകുളം | 24122 |
| 8 | തൃശ്ശൂർ | 22807 |
| 9 | പാലക്കാട് | 22678 |
| 10 | മലപ്പുറം | 38832 |
| 11 | കോഴിക്കോട് | 24507 |
| 12 | വയനാട് | 8068 |
| 13 | കണ്ണൂർ | 19430 |
| 14 | കാസർഗോഡ് | 18397 |
| | ആകെ | 283456 |

| ചോദ്യം | മറുപടി |
|---|---|
| (ബി) ഇപ്പോൾ സർക്കാർ നിർദ്ദേശ പ്രകാരം ഡിഫറന്റ്ലി ഏബിൾഡ് വിഭാഗത്തെക്കുറിച്ച് പഠിക്കാൻ സർവ്വെ നടത്തുന്നുണ്ടോ; | (ബി) സർവ്വേ നടത്തുന്നുണ്ട്. |

| | |
|---|---|
| (സി) ഉണ്ടെങ്കിൽ സർവ്വെയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ? | (സി) സെൻസസിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ<br>1. കേരളത്തിലെ എല്ലാ അംഗപരിമിതരുടെയും എണ്ണം ശേഖരിക്കുക<br>2. അംഗപരിമിതരുടെ സ്ത്രീ-പുരുഷ അനുപാതം മനസിലാക്കുക<br>3. അംഗപരിമിതരുടെ വൈകല്യത്തിന്റെ ഇനം തിരിച്ചുള്ള വിവര ശേഖരണം<br>4. ജന്മനായുള്ളതും ആർജ്ജിതവുമായ അംഗപരിമിതരുടെ വിവരശേഖരണം<br>5. അംഗപരിമിതരുടെ നിലവിലെ സാമൂഹിക സാമ്പത്തിക വിവര ശേഖരണം<br>6. അംഗപരിമിതി ഉണ്ടായതിന്റെ കാരണങ്ങൾ<br>7. അംഗപരിമിത തിരിച്ചറിയൽ കാർഡ് ലഭിച്ചവരുടെയും ലഭിക്കാനുള്ളവരുടെയും എണ്ണം ശേഖരിക്കുക<br>ഈ സെൻസസിലൂടെ ശേഖരിക്കുന്ന സ്ഥിതിവിവര കണക്കുകൾ ബന്ധപ്പെട്ട വകുപ്പുകൾക്ക് പദ്ധതി ആവിഷ്കരിക്കുന്നതിനും നിർവ്വഹണത്തിനുമായി ലഭ്യമാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ